പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## ഇരുപത്തഞ്ചാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ ശ്രീ അയ്യൻകാളി മെമ്മോറിയൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിനെ സംബന്ധിച്ച എട്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

**ഇരുപത്തഞ്ചാമത് റിപ്പോർട്ട്**

(2015 ഡിസംബർ മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ ശ്രീ അയ്യൻകാളി മെമ്മോറിയൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിനെ സംബന്ധിച്ച എട്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

1315/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 2 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 നവംബർ മാസം 25-ാം തീയതിയായി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,

*അദ്ധ്യക്ഷൻ,*

*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,

2015 ഡിസംബർ 1.

# റിപ്പോർട്ട്

## അദ്ധ്യായം I

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-2014)-യുടെ എട്ടാമത് റിപ്പോർട്ട്, തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കാർഷിക സർവ്വകലാശാല ക്യാമ്പസിൽ പ്രവർത്തിക്കുന്ന ശ്രീ അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിനെ സംബന്ധിച്ച് ഉള്ളതാണ്. പ്രസ്തുത റിപ്പോർട്ട് 2011 ജനുവരി 30-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

2. സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും, കായികരംഗങ്ങളിൽ അഭിരുചിയുള്ളവരുമായ വിദ്യാർത്ഥികളെ കണ്ടെത്തി, അവർക്ക് പരിശീലനം നൽകി അവരുടെ കഴിവുകൾ വികസിപ്പിച്ച് ദേശീയ/അന്തർദേശീയ തലങ്ങളിലെ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച സ്കൂളിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉതകുമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട 30 ശിപാർശകളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്നത്.

3. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ യുക്തമായ നടപടി സ്വീകരിക്കുന്നതിനും അത് സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുന്നതിനുമായി റിപ്പോർട്ടിന്റെ പകർപ്പ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലേക്ക് അയച്ചു കൊടുക്കുകയുണ്ടായി. ആയതിൻപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 11-8-2015-ലെ 4632/ബി1/2014/പജപവവിവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 12-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-2014)-യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

# സമിതി (2011-14)-യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ 1 (ഖണ്ഡിക നമ്പർ 10)

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ മാർഗ്ഗരേഖകളിൽ നിന്ന് വ്യത്യസ്തമായി സ്പോർട്സ് സ്കൂളുകളുടെ കാര്യത്തിൽ, സ്പോർട്സിനും പഠനത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു പ്രത്യേക മാർഗ്ഗരേഖ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ 2 (ഖണ്ഡിക നമ്പർ 11)

സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിലേക്കായി കായിക പരിശീലനത്തിന് ഭംഗംവരാത്ത രീതിയിൽ ഒരു പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ മറുപടി

സ്പോർട്സ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിനും പഠനത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### ശിപാർശ 3 (ഖണ്ഡിക നമ്പർ 11)

പെൺകുട്ടികളും ആൺകുട്ടികളും പ്രത്യേകം ഹോസ്റ്റലുകളിൽ താമസിച്ച് പഠിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് 2 റസിഡൻഷ്യൽ ട്യൂട്ടർമാരെ നിയോഗിക്കുന്ന കാര്യംകൂടി സജീവമായി പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ മറുപടി

നിലവിൽ മാനേജർ-കം-റസിഡന്റ് ട്യൂട്ടറുടെ ഒരു തസ്തിക മാത്രമാണുള്ളത്. ഒരു തസ്തികകൂടി സൃഷ്ടിക്കുന്ന വിഷയം പരിശോധിക്കുന്നതിന് പട്ടികജാതി വികസന ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ 4 (ഖണ്ഡിക നമ്പർ 11)</u>

കായിക പരിശീലനത്തിന്റെ ഭാഗമായും, കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന്റെ ഭാഗമായും കുട്ടികളുടെ പഠനദിവസങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക സമയം കണ്ടെത്തി നഷ്ടപ്പെടുന്ന പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് നഷ്ടപ്പെടുന്ന ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ പിന്നീട് പഠിപ്പിക്കുന്നതിനും അധിക ക്ലാസ്സുകൾ നടത്തുന്നതിനും സംശയദൂരീകരണത്തിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ 5 (ഖണ്ഡിക നമ്പർ 12)</u>

ധാരണാപത്രത്തിലെ ഖണ്ഡിക 2.6-ലെ വ്യവസ്ഥ കാലോചിതമായി പരിഷ്കരിക്കണമെന്നും പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടപ്പാക്കുവാൻ പര്യാപ്തമാകുംവിധം ധാരണാപത്രത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ഫണ്ട് ചെലവാക്കുന്ന പട്ടികജാതി വികസന വകുപ്പിനുതന്നെ നിക്ഷിപ്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

അടിയന്തര സ്വഭാവത്തിലുള്ള പ്രവർത്തികൾ സ്കൂൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം പട്ടികജാതി വികസന വകുപ്പ് നടത്തി വരുന്നുണ്ട്. കെട്ടിടങ്ങളിലെ അറ്റകുറ്റപ്പണികൾ പോലെയുള്ള പ്രവർത്തികൾ ചെയ്യുന്നതിനുള്ള ചുമതല കാർഷിക സർവ്വകലാശാലയിൽ നിക്ഷിപ്തമാക്കിയുള്ള ധാരണാപത്രത്തിലെ വ്യവസ്ഥ ഭേദഗതി ചെയ്യുന്നത് അടക്കമുള്ള ധാരണാപത്രം പരിഷ്കരിക്കുന്നതിനുള്ള കരട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശിപാർശ 6 (ഖണ്ഡിക നമ്പർ 13)</u>

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ചെയർമാനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

ധാരണാപത്രം പരിഷ്കരിക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

<u>ശിപാർശ 7 (ഖണ്ഡിക നമ്പർ 14)</u>

രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായ സ്വിമ്മിംഗ് പൂളിനുള്ള സ്ഥലം കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ മറുപടി</u>

സ്വിമ്മിംഗ് പൂളിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

<u>ശിപാർശ 8 (ഖണ്ഡിക നമ്പർ 15)</u>

കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും, മറ്റ് നടത്തിപ്പ് സംബന്ധിച്ചും അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ച് സ്കൂളിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിലേക്കായി ധാരണാപത്രത്തിലെ വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ച ചെയ്ത ശേഷം തീരുമാനപ്രകാരം സ്കൂൾ തലത്തിൽ നടത്തി വരുന്നുണ്ട്. സ്പോക്കൺ ഇംഗ്ലീഷ് മുതലായ പ്രോജക്റ്റുകൾ 2014-15 വർഷത്തിൽ നടത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ധാരണാപത്രത്തിലെ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള കരട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശിപാർശ 9 (ഖണ്ഡിക നമ്പർ 16)</u>

വ്യത്യസ്ത വിഭാഗങ്ങളുടെ ചുമതലകളും ഉത്തരവാദിത്വവും വ്യക്തമായി ധാരണാപത്രത്തിൽ നിർവ്വചിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ മറുപടി</u>

വ്യത്യസ്ത വിഭാഗങ്ങളുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുന്നതിനുള്ള വ്യവസ്ഥകൾ ധാരണാപത്രം പരിഷ്കരിക്കുന്നതിനുള്ള കരടിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>ശിപാർശ 10 (ഖണ്ഡിക നമ്പർ 17)</u>

സ്കൂളിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനും കുട്ടികളുടെ പഠന/കായിക നിലവാരം വിലയിരുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി രക്ഷിതാക്കൾക്ക് മുൻതൂക്കം നല്കി സ്കൂൾ മാനേജിംഗ് കമ്മിറ്റിക്ക് രൂപം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

സ്കൂൾ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് പി.റ്റി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. ഓണം അവധിയോടനുബന്ധിച്ച് രക്ഷാകർത്താക്കളുടെ യോഗം വിളിച്ചുചേർക്കുന്ന സന്ദർഭത്തിൽ സ്കൂൾ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ 11 (ഖണ്ഡിക നമ്പർ 18)</u>

ഹയർ സെക്കന്ററി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടി അടിയന്തരമായി പുതിയ ഹോസ്റ്റൽ മന്ദിരം നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ 12 (ഖണ്ഡിക നമ്പർ 19)</u>

പുതിയ ഹോസ്റ്റൽ നിർമ്മാണത്തിനായി ലഭ്യമാക്കാമെന്ന് കാർഷിക സർവ്വകലാശാല അറിയിച്ചിരുന്ന സ്ഥലത്തിന് പകരം, നിലവിലുള്ള ഹോസ്റ്റലിന് അടുത്തുതന്നെ ആയതിനുള്ള സ്ഥലം. ലഭ്യമാക്കാൻ സാധിക്കുമോയെന്ന കാര്യം സജീവമായി പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

നിലവിലുള്ള ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് സമീപത്തായി ഹയർ സെക്കന്ററി വിഭാഗത്തിനായി പുതിയ ഹോസ്റ്റൽ മന്ദിരം നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിലാണ്.

<u>ശിപാർശ 13 (ഖണ്ഡിക നമ്പർ 20)</u>

പുതിയ ഹോസ്റ്റലിന് ഭൂമി അനുവദിക്കുന്നതോടൊപ്പം സ്കൂളിന്റെ വിപുലീകരണത്തിന് ആവശ്യമായ ഭൂമികൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ മറുപടി</u>

സ്കൂളിന്റെ വിപുലീകരണത്തിന് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് സ്കൂൾ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടുണ്ട്. പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സൗകര്യം ലഭിച്ച സാഹചര്യത്തിൽ മറ്റ് തരത്തിലുള്ള വിപുലീകരണ സാദ്ധ്യതകൾ കണക്കിലെടുത്ത് കൂടുതൽ ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

<u>ശിപാർശ 14 (ഖണ്ഡിക നമ്പർ 21)</u>

ജിംനേഷ്യം, ജൂഡോ, ഗുസ്തി എന്നിവയുടെ പരിശീലനം സാധ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നിർമ്മിച്ച കെട്ടിടമായതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം പട്ടികജാതി വികസന വകുപ്പിനുതന്നെ അടിയന്തരമായി കൈമാറണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ മറുപടി</u>

ധാരണാപത്രത്തിലെ ആർട്ടിക്കിൾ 2.2 പ്രകാരം കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം പട്ടികജാതി വികസന വകുപ്പിൽ നിക്ഷിപ്തമാണ്.

<u>ശിപാർശ 15 (ഖണ്ഡിക നമ്പർ 22)</u>

കളിസ്ഥലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കാർഷിക സർവ്വകലാശാലയ്ക്കും ബാദ്ധ്യതയുണ്ടെന്ന് സമിതി കരുതുന്നു. ആയതിനാൽ കളിസ്ഥലത്തിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ഒരു വിഹിതം കാർഷിക സർവ്വകലാശാലകൂടി വഹിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാർ മറുപടി</u>

ധാരണാപത്രം പരിഷ്കരിക്കുമ്പോൾ ഇതുസംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. സമിതിയുടെ ശിപാർശ സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ 16 (ഖണ്ഡിക നമ്പർ 23)</u>

സ്കൂളിൽ കൂടുതൽ ആയമാരെ നിയമിക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

സമിതി ശിപാർശ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പട്ടികജാതി വികസന ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ 17 (ഖണ്ഡിക നമ്പർ 24)</u>

പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി അടിയന്തരമായി സ്കൂളിന് ഒരു വാഹനം വാങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

അടിയന്തര സാഹചര്യങ്ങളിൽ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ച് വരുന്നുണ്ട്. വിദ്യാർത്ഥികളുടെ ചികിത്സയ്ക്കും മത്സരങ്ങൾക്ക് കൊണ്ട് പോകുന്നതിനും വാഹനസൗകര്യം കൃത്യമായി സജ്ജീകരിക്കാറുണ്ട്. സമിതി ശിപാർശ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പട്ടികജാതി വികസന ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശിപാർശ 18 (ഖണ്ഡിക നമ്പർ 25)

ആയുർവേദ സ്പോർട്സ് ക്ലിനിക്കിന്റെ സേവനം എല്ലാ ദിവസവും ലഭ്യമാകത്തക്ക വിധത്തിൽ, ക്ലിനിക്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഒരു അലോപ്പതി ഡോക്ടറുടെയും ഒരു സ്റ്റാഫ് നഴ്സിന്റെയും സേവനംകൂടി സ്കൂളിൽ ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

നിലവിൽ ആഴ്ചയിൽ രണ്ട് ദിവസം ആയുർവേദ സ്പോർട്സ് ക്ലിനിക്കിന്റെ സേവനം സ്കൂളിൽ ലഭിക്കുന്നുണ്ട്. എല്ലാ ദിവസവും സേവനം ലഭിക്കുന്നതിന് വേണ്ടി സ്പോർട്സ് സ്കൂൾ സീനിയർ സൂപ്രണ്ട് ആയുർവേദ ക്ലിനിക്കിന്റെ അധികൃതരുമായി ആശയവിനിമയം നടത്തിയിട്ടുണ്ട്. സ്കൂളിൽ നിന്നും 200 മീറ്റർ അകലെയായി പ്രവർത്തിക്കുന്ന വെള്ളായണി പ്രൈമറി ഹെൽത്ത് സെന്ററിന്റെ സേവനം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ട്. ഒരു അലോപ്പതി ഡോക്ടറുടെയും നഴ്സിന്റെയും സേവനം സ്കൂളിൽ ലഭ്യമാക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.

## ശിപാർശ 19 (ഖണ്ഡിക നമ്പർ 26)

കുട്ടികളുടെ കായികക്ഷമത നിലനിർത്തുന്നതിന് മുടക്കം കൂടാതെയുള്ള പരിശീലനം അനിവാര്യമാണ്. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ കുട്ടികളുടെ പരിശീലനം മുടങ്ങാതിരിക്കുന്നതിന്, സ്പോർട്സ് കൗൺസിലുമായി കൂടിയാലോചിച്ച് ആവശ്യമായ പകരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ 20 (ഖണ്ഡിക നമ്പർ 27)

പരിശീലകരുടെ എണ്ണം വിദ്യാർത്ഥികൾക്ക് ആനുപാതികമായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, ഒരു വിഭാഗത്തിൽ ഒന്നിൽക്കൂടുതൽ പരിശീലകരെ നിയമിക്കുമ്പോൾ വനിതാ പരിശീലകർക്ക് മുൻഗണന നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ മറുപടി</u>

നിയമസഭാ ക്ഷേമ സമിതിയുടെ സന്ദർശനത്തിന് ശേഷം അത്‌ലറ്റിക്സ്, ഫുട്ബോൾ, ജൂഡോ, ജിംനാസ്റ്റിക്സ് എന്നീ ഇനങ്ങളിൽ ഓരോ കോച്ചുമാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിക്കാൻ അനുമതി നൽകിയതുപ്രകാരം പരിശീലനം കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്പോർട്സ് കൗൺസിലുമായി കൂടിയാലോചിച്ച് പരിശീലനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനിതാ പരിശീലകർക്ക് മുൻഗണന നൽകുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ 21 (ഖണ്ഡിക നമ്പർ 28)</u>

നിശ്ചിത ഇനത്തിൽ മികവ് പുലർത്തുന്ന കുട്ടികളെ അവരുടെ കഴിവിനനുസൃതമായി അതത് ഇനങ്ങളിൽ കൂടുതൽ പരിശീലനം നൽകുന്നതിനാവശ്യമായ ശാസ്ത്രീയ സമീപനം സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

കുട്ടികളുടെ സ്പോർട്സ് പരിശീലനം ശാസ്ത്രീയമായി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി സായ്, സ്പോർട്സ് കൗൺസിൽ തുടങ്ങിയ സ്ഥാപനങ്ങളുടെയും സ്പോർട്സ് രംഗത്തെ മറ്റ് വിദഗ്ധരുടെയും അഭിപ്രായംതേടി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ 22 (ഖണ്ഡിക നമ്പർ 29)</u>

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം കുട്ടികളുടെ സ്പോർട്സ് സംബന്ധമായ ഉപരിപഠനത്തിനും പരിശീലനത്തിനുമായി ഒരു ഡിഗ്രി കോഴ്സ് (ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ) ആരംഭിക്കണമെന്നും ആയതിനായി സംസ്ഥാനതലത്തിൽ ഒരു കോളേജ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

സമിതി ശിപാർശ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പട്ടികജാതി വികസന ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ 23 (ഖണ്ഡിക നമ്പർ 30)</u>

വിദ്യാർത്ഥികൾക്ക് നൽകുന്ന പോക്കറ്റ് മണിയിൽ കാലാനുസൃതമായ വർദ്ധനവിനും മത്സരങ്ങളിൽ പങ്കെടുക്കാൻ പോകുന്ന വിദ്യാർത്ഥികൾക്ക് ക്ഷാമബത്ത, ദിനബത്ത എന്നിവ ഇരട്ടിയായി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

പോക്കറ്റ് മണി, ദിനബത്ത എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പട്ടികജാതി വികസന ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ 24 (ഖണ്ഡിക നമ്പർ 31)

ഒരു കുട്ടിക്ക് ഇത്ര രൂപയ്ക്ക് ഭക്ഷണം എന്നതിനുപകരം കായികതാരങ്ങൾക്കാവശ്യമായ ഊർജ്ജം ലഭ്യമാക്കുവാൻ ഉതകുന്ന തരത്തിൽ ക്രമീകരിച്ച നിശ്ചിത അളവ് ഭക്ഷണം ലഭ്യമാക്കുന്ന സമീപനം സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ മറുപടി

കുട്ടികൾക്ക് ആരോഗ്യ സമ്പുഷ്ടമായ ആഹാരക്രമം നടപ്പിലാക്കുന്നതിന് ആവശ്യമായ ഭക്ഷണ ഇനങ്ങളുടെയും, അളവിന്റെയും അവയുടെ വിലയുടെയും അടിസ്ഥാനത്തിലാണ് ഒരു കുട്ടിക്ക് ചെലവാക്കാവുന്ന പ്രതിദിന മെസ് ചാർജ് തുക കണക്കാക്കുന്നത്. ഒരു കുട്ടിക്കുള്ള പ്രതിദിന മെസ് ചാർജ് 100 രൂപയിൽ നിന്നും 130 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കാലാനുസൃതമായി തുക പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ 25 (ഖണ്ഡിക നമ്പർ 32)

അടുക്കള മാലിന്യങ്ങളിൽ നിന്നും പഴകിയ ആഹാരസാധനങ്ങളിൽ നിന്നും പടർന്നുപിടിക്കാൻ സാദ്ധ്യതയുള്ള പകർച്ച വ്യാധികൾ തടയുമെന്നതിനാലും ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള ഇന്ധനം ലാഭിക്കുമെന്നതിനാലും സ്കൂളിന്റെ പാചകപ്പുര, മെസ് എന്നിവയുടെ സമീപത്തായി ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ആവശ്യമായ ധനസഹായം/സബ്സിഡി അനുവദിക്കണമെന്നും, സ്കൂളിന്റെ മെസ്, സ്റ്റീം കിച്ചൻ, ചപ്പാത്തി മേക്കർ തുടങ്ങിയ യന്ത്രങ്ങൾ ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ ചർച്ച ചെയ്തിരുന്നുവെങ്കിലും പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലപരിമിതി മുതലായ പ്രായോഗിക ബുദ്ധിമുട്ടുകൾമൂലം പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണ്. മാലിന്യങ്ങൾ യൂണിവേഴ്സിറ്റി ഫാമിലേക്ക് കൊണ്ടുപോകുന്നതുമൂലം

മാലിന്യനിർമ്മാർജ്ജനം വലിയ പ്രശ്നമായി അനുഭവപ്പെടുന്നില്ല. മെസ് ആധുനികവൽക്കരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പട്ടികജാതി വികസന ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശിപാർശ 26 (ഖണ്ഡിക നമ്പർ 33)

തസ്തികമാറ്റംവഴി കുക്കായി നിയമിക്കപ്പെടുന്നവർ പാചകം ചെയ്യുന്നതിൽ വേണ്ടത്ര വൈദഗ്ധ്യം ഇല്ലാത്തവരാണെന്ന വസ്തുത പരിഗണിച്ച് പാചകത്തിൽ വൈദഗ്ധ്യമുള്ളവരെ തന്നെ കുക്കായി നിയമിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

സ്ഥിരം ജീവനക്കാരായ രണ്ട് കുക്കുമാരോടൊപ്പം കരാറടിസ്ഥാനത്തിൽ നിയമിച്ച യോഗ്യതയുള്ള 3 കുക്കുമാർ സ്കൂളിൽ നിലവിൽ ജോലി ചെയ്യുന്നുണ്ട്. കുക്കുമാരുടെ ഒഴിവ് PSC-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. PSC ലിസ്റ്റ് നിലവിൽ വരുന്നമുറയ്ക്ക് നിയമനം നടത്തുന്നതാണ്.

## ശിപാർശ 27 (ഖണ്ഡിക നമ്പർ 34)

ജലവിതരണത്തിന്റെ പേരിൽ സ്കൂളിൽനിന്നും ഈടാക്കുവാൻ കേരള കാർഷിക സർവ്വകലാശാല നോട്ടീസ് നൽകിയിട്ടുള്ള കുടിശ്ശികത്തുക എഴുതിത്തള്ളാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

സർവ്വകലാശാലയ്ക്ക് കുടിശ്ശിക തുക നൽകിയിട്ടുണ്ട്.

## ശിപാർശ 28 (ഖണ്ഡിക നമ്പർ 35)

സ്കൂൾ പരിസരത്തുതന്നെയുള്ള തനതായ ജലസ്രോതസ്സിൽ നിന്നും സ്കൂൾ ആവശ്യത്തിന് ജലം പമ്പ് ചെയ്ത് ശേഖരിക്കുന്നതിനും ആവശ്യാനുസരണം ഉപയോഗിക്കുന്നതിനുമുള്ള ഒരു പദ്ധതി ജലവിഭവ വകുപ്പിന്റെകൂടി സഹായത്തോടെ ആവിഷ്കരിച്ച് നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

കുഴൽ കിണർ സ്ഥാപിക്കുന്നതിനായി ഭൂഗർഭജല വകുപ്പ് അധികൃതർ സ്കൂളിലെത്തി പ്രാഥമിക സർവ്വേ നടത്തിയിട്ടുണ്ട്.

## ശിപാർശ 29 (ഖണ്ഡിക നമ്പർ 36)

സ്കൂളിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അംഗീകരിക്കപ്പെട്ടിട്ടുള്ള ധാരണാപത്രത്തിലെ ഖണ്ഡിക 2.4-ൽ പരാമർശിച്ചിട്ടുള്ള പ്രകാരം വാർഷിക ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

വാർഷിക ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

<u>ശിപാർശ 30 (ഖണ്ഡിക നമ്പർ 37)</u>

പാവപ്പെട്ടവരുടെയും അധഃസ്ഥിതരുടെയും ഉന്നമനത്തിനായി തന്റെ ജീവിതംതന്നെ സമർപ്പിച്ച ശ്രീ അയ്യൻകാളിയുടെ നാമധേയത്തിൽ ആരംഭിച്ചിട്ടുള്ള ഈ സ്കൂളിന്റെ അങ്കണത്തിൽ അദ്ദേഹത്തിന്റെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നത് ഏറ്റവും ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ആയതിനായുള്ള നീക്കം ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് സമിതി പ്രതീക്ഷിക്കുന്നു.

<u>സർക്കാർ മറുപടി</u>

നിയമസഭാ ക്ഷേമ സമിതിയുടെ ശിപാർശയുടെ പശ്ചാത്തലത്തിൽ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഫൈൻ ആർട്സ് കോളേജ് മുഖേന തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം,
2015 നവംബർ 25.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*